**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3886** **17-03-2025 - ൽ മറുപടിയ്ക്ക്**

**ഐ.ആർ.ബി. കമാൻഡോകളുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പോലീസിന്റെ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിങ്ങിലേക്ക് പി.എസ്.സി. കാറ്റഗറി നമ്പർ സി.എം.ഡി./2009 നോട്ടിഫിക്കേഷൻ പ്രകാരം നിയമനം നേടിയ ഒരു സേനാംഗത്തിന് പരിശീലന കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവരുടെ ഇഷ്ടപ്രകാരം കെ.സി.പി. യിലേക്ക് ട്രാൻസ്ഫർ മുഖേന മാറുവാൻ യോഗ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പരിശീലനകാലം ഒഴികെ 10 വർഷ സേവനം (Actual Service) പൂർത്തിയാക്കിയ സേനാംഗങ്ങളെ ജില്ലാ പോലീസിലേക്ക് ബൈ- ട്രാൻസ്ഫർ നിയമനത്തിന് പരിഗണിക്കാവുന്നതാണ്. നിലവിലുള്ള സാഹചര്യം വിലയിരുത്തി ഇക്കാര്യം പരിഗണിച്ചിട്ടില്ല. |
| (ബി) | 2010-ൽ ഐ.ആർ.ബി കമാൻഡോ ആയി സർവീസിൽ പ്രവേശിച്ച് 15 വർഷം കഴിഞ്ഞിട്ടും സന്നദ്ധത അറിയിച്ച ഒരു സേനാംഗത്തെ പോലും കെ.സി.പി യിലേക്ക് ട്രാൻസ്ഫറിന് സർക്കാർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ട്രാൻസ്ഫർ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | ട്രാൻസ്ഫറിന് അർഹതപ്പെട്ട സേനാംഗങ്ങൾക്ക് ട്രാൻസ്ഫർ അനുവദിച്ചുകൊണ്ട് കമാൻഡോ വിങ്ങിലേക്ക് നിലവിലുള്ള ഐ.ആർ.ബി കമാൻഡോ വിങ്ങ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (സി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (ഡി) | ഐ.ആർ.ബി. യിൽ സ്പെഷ്യൽ റൂൾ നിലവിലില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | ഐ.ആർ.ബി. യുടെ സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ